# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE: 14.06.2025

## പ്രധാനവാർത്തകൾ

1. അഹമ്മദാബാദ് വിമാന അപകടത്തെ കുറിച്ച് അന്വേഷിക്കുന്നതിനായി കേന്ദ്ര സർക്കാർ ഉന്നതതല സമിതിയെ നിയോഗിച്ചു.

2. നിലമ്പൂരിൽ ഉപതെരഞ്ഞെടുപ്പിന് നാല് ദിവസം ശേഷിക്കെ പ്രചാരണം ഊർജ്ജിതം. പെരുമാറ്റച്ചട്ടത്തിന്റെ ഭാഗമായുള്ള പരിശോധനകളുമായി എല്ലാവരും സഹകരിക്കണമെന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ.

3. സംസ്ഥാനത്ത് വരും ദിവസങ്ങളിൽ അതി തീവ്ര മഴയക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. അഞ്ച് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത.

4. രക്തബാങ്കുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാവുന്ന 'ബ്ലഡ്ബാങ്ക് ട്രെയ്സബിലിറ്റി ആപ്ലിക്കേഷൻ' ഉടൻ യാഥാർത്ഥ്യമാകുമെന്ന് രക്തദാന ദിനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ.

5. മനുഷ്യ, വന്യജീവി സംഘർഷ ലഘൂകരണത്തിനായി വനം-വകുപ്പ് ആവിഷ്കരിച്ച 'വിത്തൂട്ട്' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നാളെ.

6. ജർമനിയിൽ നടക്കുന്ന ISSF ലോക കപ്പ് ഷൂട്ടിങ്ങിൽ ഇന്ത്യയുടെ സുരുചി സിങ്ങിന് സ്വർണം.

RNU TVPM

&&&&&&&&&&&&&&&

ഹെഡ് ലൈൻ 1

**ഉന്നതതല കമ്മിറ്റി**

അഹമ്മദാബാദ് വിമാന അപകടത്തെ കുറിച്ച് അന്വേഷിക്കുന്നതിന് ഉന്നതതല സമിതിയെ രൂപീകരിച്ച് കേന്ദ്ര സർക്കാർ. വിമാന അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള നിലവിലെ മാർഗനിർദേശങ്ങൾ കമ്മിറ്റി പരിശോധിക്കുമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയം സമൂഹ മാധ്യമത്തിൽ അറിയിച്ചു. ഭാവിയിൽ ഇത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നിർദേശങ്ങളും ഉന്നതതല സമിതി മുന്നോട്ട് വെക്കും.

&&&&&&&&&&&&&&&

**പ്രധാനമന്ത്രി**

നാളെ ആരംഭിക്കുന്ന ജി-7 ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും. കാനഡയിലാണ് ഉച്ചകോടി. കൂടിക്കാഴ്ചകളിൽ പശ്ചിമേഷ്യൻ സംഘർഷവും ചർച്ചയാകുമെന്നാണ് സൂചന. ഓപ്പറേഷൻ സിന്ദൂറും ലോകനേതാക്കളുമായുള്ള ആശയവിനിമയമയത്തിന്റെ ഭാഗമായേക്കും. ജൂൺ 17 വരെയാണ് ജി-7 ഉച്ചകോടി.

RNU TVPM

&&&&&&&&&&&&&&&

ഹെഡ് ലൈൻ 2

**നിലമ്പൂർ**

നിലമ്പൂരിൽ ഉപതെരഞ്ഞെടുപ്പിന് നാലുദിവസം ശേഷിക്കെ പ്രചാരണം ശക്തമാക്കി രാഷ്ട്രീയ പാർട്ടികൾ. എൽഡിഎഫ് സ്ഥാനാർത്ഥി എം സ്വരാജിൻറെ പ്രചാരണത്തിനായി

മുഖ്യമന്ത്രിയും CPIM മുതിർന്ന നേതാവുമായ പിണറായി വിജയൻ രണ്ട് ദിവസം നിലമ്പൂരിലുണ്ടാകും. വഴിക്കടവിലും എടക്കരയിലും ഇന്ന് വൈകിട്ട് നടക്കുന്ന പ്രചാരണ പരിപാടികളിൽ മുഖ്യമന്ത്രി പങ്കെടുക്കും. കോൺഗ്രസ് സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്തിന്റെ പ്രചാരണത്തിനായി മുതിർന്ന നേതാവും എം പിയുമായ പ്രിയങ്ക ഗാന്ധി മണ്ഡലത്തിലെത്തി. എൻ ഡി എ സ്ഥാനാർഥി മോഹൻ ജോർജിനായി സംസ്ഥാന നേതാക്കൾ അടക്കം മണ്ഡലത്തിലുണ്ട്. സ്വതന്ത്ര സ്ഥാനാർത്ഥി പി വി അൻവറും പ്രചാരണം ശക്തമാക്കിയിട്ടുണ്ട്.

**&&&&&&&&&&&&&&&**

ഹെഡ് ലൈൻ 2 എ

**നിലമ്പൂർ - വാഹനപരിശോധന**

RNU TVPM

നിലമ്പൂർ ഉപതിരഞ്ഞെടുപ്പ് പെരുമാറ്റചട്ടം നടപ്പിലാക്കുന്നതിന്റെ ഭാഗമായി തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ നടത്തുന്ന വാഹന പരിശോധനകളുമായി ജനങ്ങൾ സഹകരിക്കണമെന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ കളക്ടർ വി ആർ വിനോദ് അറിയിച്ചു. ഇതു സംബന്ധിച്ച് പുറത്തുവന്ന മാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിലാണ് നിർദ്ദേശം. സ്വതന്ത്രവും, നീതിയുക്തവും, സുതാര്യവുമായ നടപടികൾ ഉറപ്പാക്കുന്നതിനുള്ള പരിശോധനകളാണ് നടന്നുവരുന്നതെന്ന് ജില്ലാകളക്ടർ വ്യക്തമാക്കി. നിലമ്പൂരിൽ ഈ മാസം 19 നാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 23 ന് നടക്കും.

**&&&&&&&&&&&&&&&**

ഹെഡ് ലൈൻ 3

**മഴ**

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ അതി തീവ്ര മഴയക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ഒഴികെയുള്ള ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയാണ്. ചക്രവാതച്ചുഴിയുടെയും പടിഞ്ഞാറൻക്കാറ്റിൻറെയും സ്വാധീനത്താൽ വരും ദിവസങ്ങളിൽ അതിതീവ്രമഴയ്ക്കും, ശക്തമായ കാറ്റിനും സാധ്യതയുണ്ട്. മോശം കാലാവസ്ഥ കണക്കിലെടുത്ത് കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ചൊവ്വാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. മലയോര- കടൽതീര മേഖലയിലേക്കുള്ള വിനോദയാത്രകൾ പരമാവധി ഒഴിവാക്കണമെന്നും നിർദ്ദേശമുണ്ട്.

RNU TVPM

&&&&&&&&&&&&&&&

**ആലപ്പുഴ- ഇൻട്രോ**

കഴിഞ്ഞ ഒരാഴ്ചയായി പെയ്യുന്ന മഴയിൽ കുട്ടനാട്ടിൽ ജനജീവിതം ദുസ്സഹമായി. സ്കൂളുകളിലടക്കം പലയിടങ്ങളിലും വെള്ളം കയറി. ചേർത്തല താലൂക്കിൽ ദുരിതാശ്വാസ ക്യാമ്പ് തുറന്നിട്ടുണ്ട്.

**വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ......**

(വോയിസ്)

&&&&&&&&&&&&&&&

ഡാം തുറന്നു

ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ തിരുവനന്തപുരം ജില്ലയിൽ പേപ്പാറ ഡാമിൻ്റെ ഒന്നു മുതൽ നാലു വരെയുള്ള ഷട്ടറുകൾ 10 സെൻ്റിമീറ്റർ വീതം തുറന്നു. അരുവിക്കര ഡാമിൻ്റെ ഒന്നു മുതൽ അഞ്ച് വരെയുള്ള ഷട്ടറുകൾ, 20 സെൻ്റിമീറ്റർ കൂടി ഉയർത്തും. ഇരു ഡാമിൻ്റെയും കരകളിലുള്ളവർ ജാഗ്രത പാലിക്കണമെന്ന് നിർദേശം.

&&&&&&&&&&&&&&&

നല്ലവാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

RNU TVPM

&&&&&&&&&&&&&&&

സ്വച്ഛ് സർവേക്ഷൻ

മാലിന്യ സംസ്കരണത്തിൽ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ വിലയിരുത്തുന്നതിനുള്ള സ്വച്ഛ് സർവേക്ഷൻ ഗ്രാമീൺ സർവേ ചൊവ്വാഴ്ച ആരംഭിക്കും. സ്വച്ഛ് ഭാരത് മിഷൻ ഗ്രാമീണിൻ്റെ ഭാഗമായി രാജ്യത്ത് തെരഞ്ഞെടുത്ത 21,000 വില്ലേജുകളിലാണ് സർവേ. കേരളത്തിൽ 450 വില്ലേജുകളിലാണ് പരിശോധന.

&&&&&&&&&&&&&&&

ഹെഡ് ലൈൻ 5

വിത്തൂട്ട്- ഇൻട്രോ

മനുഷ്യ, വന്യജീവി സംഘർഷ ലഘൂകരണത്തിനായി വനം-വന്യജീവി വകുപ്പ് ആവിഷ്കരിച്ച ഫുഡ്, ഫോഡർ, വാട്ടർ പദ്ധതിയുടെ ഭാഗമായി വിത്തൂട്ട് വിത്തുണ്ടകളുടെ പ്രചാരണ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നാളെ മന്ത്രി എ കെ ശശീന്ദ്രൻ കോഴിക്കോട് നിർവഹിക്കും.

**കോഴിക്കോട് നിന്നും ആകാശവാണി ജില്ലാപ്രതിനിധി നസീർബാബു തയ്യാറാക്കിയ റിപ്പോർട്ട്....**

(വോയിസ്)

**&&&&&&&&&&&&&&&**

**റേഷൻകാർഡ് തരംമാറ്റം**

മുൻഗണനേതര വിഭാഗത്തിൽപ്പെട്ട വെള്ള, നീല റേഷൻകാർഡുകൾ മുൻഗണനാ വിഭാഗത്തിലേയ്ക്ക് തരം മാറ്റുന്നതിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി ഈമാസം 30 ലേയ്ക്ക് നീട്ടി. ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്ത അർഹരായ കുടുംബങ്ങൾക്കാണ് അപേക്ഷ സമർപ്പിക്കാൻ അവസരം. അംഗീകൃത അക്ഷയകേന്ദ്രങ്ങൾ വഴിയോ സിറ്റിസൺ ലോഗിൻ പോർട്ടൽ വഴിയോ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം.

RNUTVPM

**&&&&&&&&&&&&&&&**

ഹെഡ് ലൈൻ 4

**രക്തദാനദിനം - മുഖ്യമന്ത്രി**

ഇന്ന് ലോക രക്തദാന ദിനം. 'രക്തം നൽകൂ, പ്രത്യാശ നൽകൂ: ഒരുമിച്ച് നമുക്ക് ജീവൻ രക്ഷിക്കാം' എന്നതാണ് ഈ വർഷത്തെ രക്തദാന ദിന സന്ദേശം. രോഗാവസ്ഥയിലും അപകടനിലയിലുമുള്ളവരുടെ ജീവൻ രക്ഷിക്കാൻ സന്നദ്ധ

രക്തദാനത്തിലൂടെ സാധിക്കും. രക്തം ദാനം ചെയ്യാൻ മുന്നിട്ടിറങ്ങുന്നവർ വലിയ സാമൂഹിക ഉത്തരവാദിത്തമാണ് നിർവഹിക്കുന്നത്. സംസ്ഥാനത്തെ എല്ലാ സർക്കാർ രക്തബാങ്കുകളിൽ നിന്നുമുള്ള വിവരങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാവുന്ന കേന്ദ്രീകൃത സോഫ്റ്റ്വെയർ പ്ലാറ്റ്ഫോം 'ബ്ലഡ്ബാങ്ക് ട്രെയ്സബിലിറ്റി ആപ്ലിക്കേഷൻ' ഉടൻ യാഥാർത്ഥ്യമാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു.

&&&&&&&&&&&&&&&

**പോൽ ആപ്പ്- ഇൻട്രോ**

സുരക്ഷിത രക്തദാനത്തിനും ബോധവത്കരണത്തിനുമായി കേരള പോലീസിന്റെ പോൽ ബ്ലഡ് സംവിധാനം സജീവമാണ്. അടിയന്തിര ഘട്ടങ്ങളിൽ ആവശ്യക്കാർക്ക് രക്തദാനത്തിന് സഹായകരമാകുന്ന പോൽ ആപ്പിൽ രജിസ്റ്റർ ചെയ്യണമെന്നും സന്നദ്ധ രക്തദാനത്തിൽ പൊതുജനങ്ങൾ പങ്കാളികളാകണമെന്നും പോൽ ബ്ലഡിന്റെ കൺട്രോളിംഗ് ഓഫീസറും തിരുവനന്തപുരം എസ് എ പി കമാൻഡന്റുമായ ഷെഹൻഷാ. കെ.എസ് ആകാശവാണി വാർത്തകളോട് പറഞ്ഞു..

(വോയിസ്)

&&&&&&&&&&&&&&&

ഹെഡ് ലൈൻ 6

**ലോകകപ്പ് ഷൂട്ടിംഗ്**

ജർമനിയിലെ മ്യൂണിക്കിൽ നടക്കുന്ന ISSF ലോക കപ്പ് ഷൂട്ടിങ്ങിൽ ഇന്ത്യയുടെ സുരുചി സിങിന് സ്വർണം. വനിതകളുടെ 10 മീറ്റർ എയർ പിസ്റ്റൾ വിഭാഗത്തിലാണ്

RNUTVPM

മെഡൽ നേട്ടം. ഇതെ ഇനത്തിൽ തുടർച്ചയായി മൂന്നാം തവണയാണ് സുരുചി വ്യക്തിഗത സ്വർണ മെഡൽ നേടുന്നുത്. ചൈനീസ് താരത്തിനാണ് വെങ്കല മെഡൽ. ലോകകപ്പിൽ മൂന്ന് മെഡലുകളുമായി ഇന്ത്യ നാലാം സ്ഥാനത്താണ്.

&&&&&&&&&&&&&&&

ക്രിക്കറ്റ്

ലോർഡ്സിൽ നടക്കുന്ന, ലോക ടെസ്റ്റ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിൽ ഓസ്ട്രേലിയക്കെതിരെ ദക്ഷിണാഫ്രിക്കയ്ക്ക് മുൻതൂക്കം. 282 റൺസ് വിജയലക്ഷ്യവുമായി ഇറങ്ങിയ ദക്ഷിണാഫ്രിക്ക 2 വിക്കറ്റിന് 213 റൺസ് എന്ന നിലയിലാണ്.

&&&&&&&&&&&&&&&

RIJU TVPM

ശബരിമല

മിഥുനമാസ പൂജകൾക്കായി ശബരിമല നട ഇന്നു തുറക്കും. വൈകിട്ട് അഞ്ചിന് തന്ത്രിമാരായ കണ്ഠര് രാജീവര്, കണ്ഠര് ബ്രഹ്മദത്തൻ എന്നിവരുടെ സാന്നിധ്യത്തിൽ മേൽശാന്തി അരുൺകുമാർ നമ്പൂതിരി നട തുറന്നു ദീപം തെളിയിക്കും. ഇന്ന് പൂജകളൊന്നും ഉണ്ടാവില്ല.

&&&&&&&&&&&&&&&

കൊട്ടിയൂർ

കണ്ണൂർ കൊട്ടിയൂർ വൈശാഖോത്സവത്തിലെ നാല് ആരാധനകളിൽ ആദ്യത്തേതായ തിരുവോണം ആരാധന നാളെ നടക്കും. അക്കരെ ദേവസ്ഥാനത്ത് മണിത്തറയിൽ താത്കാലിക ശ്രീകോവിലിൻറെ നിർമാണം പൂർത്തിയായി. ക്ഷേത്രദർശനത്തിനായി എത്തുന്നവരുടെ തിരക്ക്

വർദ്ധിച്ചിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ഉൾപ്പെടെ നിരവധി പേർ ഇന്നലെ തൊഴുതു മടങ്ങി.

&&&&&&&&&&&&&&&

**പോലീസുകാർക്ക് പരിക്ക്**

കൊല്ലം പത്തനാപുരത്ത് പ്രതിയുമായി പോയ പൊലീസ് ജീപ്പ് മറിഞ്ഞ് രണ്ട് പോലീസുകാർക്ക് പരിക്കേറ്റു. പത്തനാപുരം സ്റ്റേഷനിലെ വാഹനമാണ് മറിഞ്ഞത്. ഇന്നലെ വൈകുന്നേരം കടയ്ക്കാമൺ പാലത്തിന് സമീപം മഴയിൽ വാഹനം നിയന്ത്രണം വിട്ട് മറിയുകയായിരുന്നു.

&&&&&&&&&&&&&&&
&&&&&&&&&
&&&

RNU TVPM